

### ദേശീയ വിദ്യാഭ്യാസ നയം


# മറയ്ക്കപ്പെടുന്ന മായ്ക്കപ്പെടുന്ന അറിവിടങ്ങൾ

എഡിറ്റേഴ്സ്:
രാജേഷ് കെ. എരുമേലി
എസ്. രാഹുൽ

MYTHRI

# ദേശീയ വിദ്യാഭ്യാസ നയം

## മറയ്ക്കപ്പെടുന്ന/മായ്ക്കപ്പെടുന്ന അറിവിടങ്ങൾ



# ദേശീയ വിദ്യാഭ്യാസ നയം

## മറയ്ക്കപ്പെടുന്ന/മായ്ക്കപ്പെടുന്ന അറിവിടങ്ങൾ

എഡിറ്റേഴ്സ്:

**രാജേഷ് കെ. എരുമേലി**

**എസ്. രാഹുൽ**

MYTHRI

**മൈത്രി ബുക്സ്**

തിരുവനന്തപുരം

*വായനയിലെ വിപ്ലവം*

വില: 260

Malayalam

**DESEEYA VIDYABHYASA NAYAM MARAYKKAPPEDUNNA / MAYKKAPPEDUNNA ARIVIDANGAL**

Editors
RAJESH K. ERUMELI
S. RAHUL

First Edition - 2023 October

Typesetting & Prepress Work
Kisalaya

Cover Design - Vinod Mangoes

Rights Reserved

Publishers
MYTHRI BOOKS
Annas Arcade, Spencer Jn,
M G Road, Statue, Trivandrum-1
Phone : 0471-4099087
f: Mythri Books | 8590962132
E-mail : mythribooks@gmail.com
Website : www.mythribooks.com

Price Rs. 260

# ഉള്ളടക്കം

**ഉന്നതവിദ്യാഭ്യാസം**
ഉന്നതവിദ്യാഭ്യാസത്തെ തകർക്കുന്ന ദേശീയ
വിദ്യാഭ്യാസനയം
**ഡോ. ആർ. ബിന്ദു**
17

**കരിക്കുലം**
പാഠ്യപദ്ധതി പരിഷ്കരണം:
കേരളത്തിന്റെ നിലപാടുമായി മുന്നോട്ടു പോകും
**വി. ശിവൻകുട്ടി**
28

**അതിദേശീയത**
പുതിയ വിദ്യാഭ്യാസ നയം;
അതിദേശീയതയുടെ മാനിഫെസ്റ്റോ
**കെ.എൻ. ബാലഗോപാൽ**
36

**കോർപ്പറേറ്റ്വത്കരണം**
നോളജ് ഇക്കോണമിയുടെ കാണാപ്പുറം
**ഡോ. രാജൻ ഗുരുക്കൾ**
42

**സാമൂഹ്യനീതി**
ഫെഡറലിസവും സാമൂഹ്യനീതിയും
അട്ടിമറിക്കപ്പെടും
**ഡോ. കെ.ടി. ജലീൽ**
46

**മിത്ത്/ശാസ്ത്രം**
പരിണാമം ഒഴിവാക്കുന്ന പുസ്തകങ്ങൾ-
ദേശീയ വിദ്യാഭ്യാസപദ്ധതിയ്ക്ക് ദോഷകാരി
**എതിരൻ കതിരവൻ**
53

**ലിംഗനീതി**
ദേശീയ വിദ്യാഭ്യാസനയവും
പുറത്താക്കലിന്റെ അജണ്ടയും
**എ.ജി. ഒലീന**
60

**കാവിവത്കരണം**
ദേശീയ വിദ്യാഭ്യാസ നയം:
പരിവാർ പ്രത്യയശാസ്ത്രത്തിന്റെ പ്രയോഗം
**ഡോ. കെ.എസ്. മാധവൻ**
65

**സംവരണം**
പാർശ്വവൽകൃതരുടെ
വിദ്യാഭ്യാസ അവകാശം ഇല്ലാതാക്കും
**ഡോ. പി.കെ. ബിജു**
76

**സ്കൂൾ വിദ്യാഭ്യാസം**
ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കാണാപ്പുറങ്ങൾ
**ഡോ. ജെ. പ്രസാദ്**
92

**ഗവേഷണം**
ദേശീയ വിദ്യാഭ്യാസ നയവും
കേരളത്തിലെ ഗവേഷണരംഗവും:
ഒരു ഗവേഷകന്റെ വിയോജനക്കുറിപ്പ്
**ഡോ. ബ്ലെയ്സ് ജോണി**
107

**പ്രൊഫഷണൽ വിദ്യാഭ്യാസം**
ദേശീയ വിദ്യാഭ്യാസ നയം
പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ
**മൈന ഉമൈബാൻ**
119

**ഭാഷ**
ദേശീയ വിദ്യാഭ്യാസനയവും ഭാഷകളും
**ഡോ. എ.ബി. മൊയ്തീൻകുട്ടി**
122

**സംസ്കൃതവത്കരണം**
ദേശീയ വിദ്യാഭ്യാസനയത്തിലെ ഭാഷാചാതുർവർണ്യം
**ഡോ. സ്മിത കെ. നായർ**
127

**ബ്രാഹ്മണവത്കരണം**
ആ പത്തു ബി.എ.ക്കാരും ദേശീയ വിദ്യാഭ്യാസനയവും
**ഡോ. അജയ് ശേഖർ**
136

**യുവത്വം**
യുവജനങ്ങളെ ദുരിതത്തിലാഴ്ത്തുന്ന
ദേശീയ വിദ്യാഭ്യാസ നയം
**വി.കെ. സനോജ്**
141

**ഗൂഢഅജണ്ട**
ഉന്നത വിദ്യാഭാസരംഗത്തേക്ക് ഒളിച്ച്
കടത്തുന്ന അജണ്ടകൾ
**നിതീഷ് നാരായണൻ**
149

**ചരിത്രം**
ദേശീയ വിദ്യാഭ്യാസ നയത്തിലെ
വലതുപക്ഷ വേരുകൾ
**ലിജോ സെബാസ്റ്റ്യൻ/ഡോ. ബിജു ആർ.ഐ.**
157

സംസ്കൃതവത്കരണം

# ദേശീയ വിദ്യാഭ്യാസനയത്തിലെ ഭാഷാചാതുർവർണ്യം

ഡോ. സ്മിത കെ. നായർ

ഒരു ബഹുഭാഷാരാഷ്ട്രമാണ് ഇന്ത്യ. 2011ലെ സെൻസസ് അനുസരിച്ച് 1369 ഭാഷകളെയാണ് ഇന്ത്യയിൽ മാതൃഭാഷകളായി അടയാളപ്പെടുത്തിയിട്ടുള്ളത്. ഈ ഭാഷകളെ ഭാഷാപരമായി വിശകലനം ചെയ്തും, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വർഗീകരിച്ചും പതിനായിരമോ അതിനു മുകളിലോ ആളുകൾ സംസാരിക്കുന്ന ഭാഷകൾ അഖിലേന്ത്യാ അടിസ്ഥാനത്തിൽ അനുയോജ്യമായ ഭാഷകൾക്കുകീഴിൽ പട്ടികപ്പെടുത്തിയുമാണ് ഭാഷകളുടെ എണ്ണം 121 ആയി പരിമിതപ്പെടുത്തിയത്. ഇന്ത്യൻ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന 22 ഭാഷകളും എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത 99 മറ്റു ഭാഷകളും ചേർന്നതാണ് ഈ 121 ഭാഷകൾ. ഇൻഡോ-ആര്യൻ ഭാഷാ കുടുംബത്തിൽപ്പെട്ട 21 ഭാഷകൾ, ദ്രാവിഡ ഭാഷാ കുടുംബത്തിൽപ്പെട്ട 17 ഭാഷകൾ, ആസ്ട്രോ-ഏഷ്യാറ്റിക് കുടുംബത്തിലെ 14 ഭാഷകൾ, ടിബറ്റോ-ബർമൻ കുടുംബത്തിലെ 66 ഭാഷകൾ, സെമിറ്റോ-ഹെമിറ്റിക് ഭാഷയായ അറബി, ഇറാനിയൻ ഉപകുടുംബത്തിൽപെടുന്ന അഫ്ഗാനി, ജർമ്മാനിക് ഉപകുടുംബത്തിൽപെട്ട ഇംഗ്ലീഷ് എന്നിവ ചേർന്നതാണ് ഈ 121 ഭാഷകൾ. ഭാഷാസംസ്കാരങ്ങളുടെ ഈ വൈവിധ്യങ്ങളെ ചോദ്യം ചെയ്യും വിധം, അവയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയാകും വിധമാണ് 2020 ലെ ദേശീയവിദ്യാഭ്യാസനയം (എൻ.ഇ.പി) ഭാഷാപഠനത്തെ ആസൂത്രണം ചെയ്യുന്നത്. ഇന്ത്യയുടെ വൈവിധ്യമാർന്ന ഭാഷാ

സംസ്കാരങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ദേശീയ വിദ്യാഭ്യാസ നയത്തിലെ ഭാഷാപഠന സങ്കൽപത്തെ വിലയിരുത്തേണ്ടത്.

2020 ജൂലൈ 29 നാണ് ദേശീയവിദ്യാഭ്യാസനയം കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചത്. 1986 ലെ ദേശീയവിദ്യാഭ്യാസനയത്തിന്റെ പരിഷ്കരിച്ച രൂപമാണിത്. നിലനിൽക്കുന്ന ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തെ പൂർണമായും പൊളിച്ചെഴുതുന്ന ഒന്നാണ് 2020ലെ ദേശീയ വിദ്യാഭ്യാസ നയം എന്നു പറയാം. നിലവിൽ 10+2 എന്ന സമ്പ്രദായമാണ് പിന്തുടരുന്നത് എങ്കിൽ ദേശീയ വിദ്യാഭ്യാസ നയം 5+3+3+4 എന്ന രീതിയാണ് മുന്നോട്ടു വയ്ക്കുന്നത്. മൂന്നുവർഷത്തെ പ്രീ പ്രൈമറി ക്ലാസ്സുകൾ കൂടാതെ ഒന്ന് രണ്ട് ക്ലാസുകൾ ഉൾപ്പെടുന്ന അടിസ്ഥാന ഘട്ടം, മൂന്നു മുതൽ അഞ്ചു വരെയുള്ള പ്രിപ്പറേറ്ററി ക്ലാസുകൾ, ആറു മുതൽ എട്ടുവരെയുള്ള മിഡിൽ ക്ലാസുകൾ, ഒമ്പത് മുതൽ 12 വരെയുള്ള സെക്കൻഡറി ക്ലാസുകൾ എന്നിങ്ങനെയാണ് ഈ തരം തിരിക്കൽ.

ഭാഷാപഠനത്തെ സംബന്ധിച്ചിടത്തോളം ദേശീയ വിദ്യാഭ്യാസനയം ത്രിഭാഷാപദ്ധതിയാണ് മുന്നോട്ട് വയ്ക്കുന്നത്. ഹിന്ദി പ്രദേശങ്ങളിൽ ഹിന്ദിയല്ലാത്ത ഒരു ദക്ഷിണേഷ്യൻ ഭാഷ പഠിപ്പിക്കുകയും അഹിന്ദിപ്രദേശങ്ങളിൽ ഇംഗ്ലീഷിനും പ്രാദേശികഭാഷക്കും ഒപ്പം ഹിന്ദി പഠിപ്പിക്കുകയും ചെയ്യുക എന്നതാണ് ദേശീയവിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്ന ത്രിഭാഷാപദ്ധതി. ത്രിഭാഷാപദ്ധതി പൂർണ്ണമായും നടപ്പിലാക്കുക എന്നതാണ് എൻ.ഇ.പി.യുടെ നയം. എല്ലാ തലങ്ങളിലും സംസ്കൃതം ഒരു ഭാഷയായി പഠിക്കണം എന്നുള്ളത് ദേശീയ വിദ്യാഭ്യാ സനയം എടുത്തു പറയുന്ന ഒരു വിഷയമാണ്. ത്രിഭാഷാ പദ്ധതിയുടെ ഭാഗമായിത്തന്നെ സംസ്കൃതത്തെ ഒരു ഭാഷയായി പഠിപ്പിക്കും. ത്രിഭാഷാപദ്ധതി വിഭാവനം ചെയ്യുന്നതുതന്നെ മൂന്നു ഭാഷകളിൽ രണ്ടെണ്ണം ഇന്ത്യൻ ഭാഷകൾ ആയിരിക്കണം എന്നാണ്. ഈ സാഹചര്യത്തിലാണ് ത്രിഭാഷാപദ്ധതി എന്ന സങ്കല്പം ദുരൂഹമാകുന്നത്. വീട്ടു/മാതൃ/പ്രാദേശികഭാഷ, ഹിന്ദി, ഇംഗ്ലീഷ് എന്നിങ്ങനെയാണ് നിലവിൽ ത്രിഭാഷാപദ്ധതി ഭാഷകളെ കണക്കാക്കുന്നത്. അതിലേക്ക് സംസ്കൃതം കൂടി കടന്നു വരുമ്പോൾ പ്രാദേശിക ഭാഷയാണോ ഹിന്ദി ആണോ ഒഴിവാക്കപ്പെടുന്നത് എന്നത് ഒരു ചോദ്യമാണ്. അഹിന്ദി പ്രദേശങ്ങളിൽ ഹിന്ദി ഒഴിവാക്കാനാവില്ല എന്നതും അതോടൊപ്പം സംസ്കൃതവും പഠിക്കണം

എന്നതും നിബന്ധനയായി വരുമ്പോൾ ഭാഷാ തെരഞ്ഞെടുപ്പ് മതപരവും സാംസ്കാരികവുമായി മാറും. സംസ്കൃതം പഠിക്കണമെന്ന് നിർബന്ധം പിടിക്കുന്നവരും സംസ്കൃതം പഠിക്കേണ്ട എന്ന് നിർബന്ധം ഉള്ളവരും കൂടിച്ചേർന്ന് ഇന്ത്യയുടെ ഐക്യം നശിപ്പിക്കുന്ന വിധത്തിലേക്ക് ഭാഷയുടെ തെരഞ്ഞെടുപ്പു മാറും. അതുപോലെ ഉറുദു, അറബി പോലെയുള്ള ഭാഷകൾക്ക് പ്രാധാന്യം നൽകാതിരിക്കുന്ന ഭാഷാപരമായ വിവേചനത്തിന് കാരണമാകും. ഹിന്ദി പ്രദേശത്ത് സംസ്കൃതമോ ഹിന്ദിയോ പഠിക്കാം എന്നുള്ളത് സംസ്കൃതവും ഹിന്ദിയും പഠിക്കുന്ന രീതിയിലേക്ക് വരികയും അതുവഴി ദക്ഷിണേന്ത്യൻ ഭാഷകൾക്ക് സ്ഥാനം ലഭിക്കാതെ വരികയും ചെയ്യും.

1968 ലെ വിദ്യാഭ്യാസനയരേഖ ത്രിഭാഷാനയത്തിന്റെ ഭാഗമായി ഹിന്ദി ഭാഷാ സംസ്ഥാനങ്ങളിൽ ഹിന്ദിയും ഇംഗ്ലീഷും ഒരു തെന്നിന്ത്യൻ ഭാഷയും അഹിന്ദിഭാഷാ സംസ്ഥാനങ്ങളിൽ അതത് പ്രാദേശിക ഭാഷയും ഹിന്ദിയും ഇംഗ്ലീഷും പഠിക്കണമെന്നാണ് നിർദ്ദേശിച്ചത്. എന്നാൽ ഇത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രാവർത്തികമായില്ല. ഹിന്ദി പ്രദേശങ്ങളിൽ ദക്ഷിണേന്ത്യൻ ഭാഷയ്ക്ക് പകരമായി സംസ്കൃതമോ മറ്റേതെങ്കിലും ഭാഷയോ പഠിപ്പിക്കാൻ ആണ് തീരുമാനിക്കപ്പെട്ടത്. ദക്ഷിണേന്ത്യൻ ഭാഷകളായ തമിഴ്, മലയാളം, കന്നട, തെലുങ്കു തുടങ്ങിയവയ്ക്ക് ഉത്തരേന്ത്യയിൽ സ്ഥാനം ലഭിച്ചില്ല. ത്രിപുര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളും പുതുശ്ശേരി പോലുള്ള കേന്ദ്രഭരണ പ്രദേശങ്ങളും ദ്വിഭാഷാപദ്ധതിയാണ് സ്വീകരിച്ചത്. കേരളം, ആന്ധ്ര, കർണാടക തുടങ്ങിയ ദക്ഷിണേഷ്യൻ സംസ്ഥാ നങ്ങൾ ഹിന്ദി ഒരു ഭാഷയായി സ്കൂൾതലം മുതൽ ഉൾപ്പെടു ത്തുകയും വിവിധ പ്രചാരസഭകളിലൂടെ ഹിന്ദി ബോധനം നടത്തുകയും ചെയ്തു. എന്നാൽ ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ ഒരു സമീപനം പ്രാദേശിക ഭാഷകളോടുണ്ടായില്ല.

സംസ്കൃതത്തിനും ഹിന്ദിക്കും പ്രാധാന്യം നൽകി സ്കൂൾ തലത്തിലും ഉന്നത വിദ്യാഭ്യാസത്തിലും സംസ്കൃതം പഠിപ്പിക്കുന്നതു കൂടാതെ ത്രിഭാഷാപദ്ധതിയിലൊന്നായി സംസ്കൃതം ഉൾപ്പെടുത്തുകയും വേണം എന്നും ദേശീയ വിദ്യാഭ്യാസ നയം 2020 നിഷ്കർഷിക്കുന്നു. അതായത് സംസ്കൃതത്തെ ശക്തിപ്പെടുത്തുന്നതിനും തിരിച്ചുകൊണ്ടുവരുന്നതിനുള്ള സാധ്യതകൾ വർധിപ്പിക്കുന്നതിനുള്ള ഒരു ഭാഷാ നയരേഖയാണ് ദേശീയ വിദ്യാഭ്യാസനയം എന്ന് പറയാം. ഗോത്ര ഭാഷ കളോ ഉറുദു,

ബംഗാളി, തമിഴ് പോലെയുള്ള പ്രാദേശിക ഭാഷ കളോ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പരാമർശിക്കപ്പെടു ന്നില്ല. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽപ്പെട്ട 22 ഭാഷകൾ രണ്ടിന്ത്യൻ ഭാഷകൾ എന്ന വിഭാഗത്തിൽപ്പെടുത്തി പഠിപ്പിക്കാൻ നയത്തിൽ പദ്ധതിയില്ല. ഹിന്ദിയും സംസ്കൃതവും രണ്ടിന്ത്യൻ ഭാഷകൾ എന്ന നിർവചനത്തെ പൂർത്തിയാക്കുമ്പോൾ മറ്റു പ്രാദേശിക ഭാഷകൾക്ക് എവിടെയാണ് സ്ഥാനം ലഭിക്കുന്നത്. ഘട്ടം ഘട്ടമായി പ്രാദേശികഭാഷ എന്ന സങ്കല്പത്തെ എടുത്തു കളയാൻ സാധിക്കും വിധമാണ് ഇതിന്റെ ഗൂഢമായ രൂപകല്പന നിലകൊള്ളുന്നത്. വാസ്തവത്തിൽ, മറ്റു ഭാഷകളെ പരിപോ ഷിപ്പിക്കാൻ എന്ന വ്യാജേനയുള്ള സംസ്കൃതവൽക്കരണമാണ് ഇവിടെ നടക്കുന്നത്.

ഇന്ത്യൻ ഭാഷകൾക്കു വേണ്ടി ആകെ പറയുന്ന കാര്യം അവയുടെ പരിപോഷണത്തിനായി അക്കാദമികൾ സ്ഥാപി ക്കുകയും നിഘണ്ടു നിർമ്മാണം നടത്തുകയും കൂടാതെ സാഹിത്യ സൃഷ്ടികൾക്ക് സമ്മാനം ഏർപ്പെടുത്തുകയും ചെയ്യും എന്നതാണ്. എന്നാൽ ഈ ഭാഷകൾക്ക് വിദ്യാഭ്യാസ സമ്പ്രദായത്തിലുള്ള പങ്കിനെക്കുറിച്ച് യാതൊന്നും ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്നില്ല. 2021 ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ ആകെ 24821 പേർ മാത്രമാണ് അതായത് 0.00 രണ്ട് ശതമാനം പേർ മാത്രമാണ് സംസ്കൃതം സംസാരി ക്കുന്നത്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇന്ത്യയിലാകമാനം സംസ്കൃതവിപ്ലവം നടത്തുന്നത് ഗുണകരമാവില്ല. ആധുനിക ആഗോള മേഖലയോടുള്ള മുഖം തിരിക്കലായി ഇതുമാറും. മറിച്ച് സംസ്കൃതം വികസിപ്പിക്കുന്നതിനായി മുൻപറഞ്ഞ നിഘണ്ടു നിർമാണം, സാഹിത്യ സൃഷ്ടികൾക്കുള്ള സമ്മാനം പോലെയുള്ളവ ഗുണകര മാകുകയും ചെയ്യും.

എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന 22 ഭാഷകൾക്കായി കൂടുതൽ അധ്യാപകരെ നിയമിക്കുമെന്നും ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഇന്ത്യയിൽ എവിടെയും ഉള്ള കുട്ടികൾക്ക് തമിഴ്, തെലുങ്ക്, കന്നട, മലയാളം, ഒറിയ, പാലി, പേർഷ്യൻ എന്നീ ക്ലാസിക്കൽ ഭാഷകൾ ത്രിഭാഷാപദ്ധതിക്ക് പുറമേ ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും പഠിക്കാനുള്ള അവസരം ഉണ്ടാകും എന്നും ദേശീയ വിദ്യാഭ്യാസ നയം പറയുന്നുണ്ട്. കൂടാതെ ഒമ്പതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കാലഘട്ടത്തിൽ കൊറിയൻ, ജാപ്പനീസ്, ഫ്രഞ്ച്,

ജർമ്മൻ, സ്പാനിഷ്,പോർട്ടുഗീസ്, റഷ്യൻ എന്നിവയിലേതെങ്കിലും ഭാഷകൾ പഠിക്കാനുള്ള അവസരം ഉണ്ടാകുമെന്നും പറയുന്നു. ക്ലാസ്സിക്കൽ ഭാഷകളും മേൽപ്പറഞ്ഞ വിദേശ ഭാഷകളും മാത്രം പഠിച്ചാൽ മതിയെന്ന് എങ്ങനെയാണ് നിഷ്കർഷിക്കാൻ കഴിയുന്നത്. മേൽപട്ടികപ്പെടുത്തിയ വിദേശ ഭാഷകളല്ലാതെ മറ്റൊരു വിദേശഭാഷ പഠിക്കണമെന്ന് ഒരു വിദ്യാർത്ഥി ആഗ്രഹിച്ചാൽ ആ അവകാശത്തെ ഹനിക്കാൻ വിദ്യാഭ്യാസനയത്തിന് അവകാശമുണ്ടോ. നിലവിലെ വിദ്യാ ഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാഷകളെപ്പോലും പരിഗണിക്കാൻ ദേശീയ വിദ്യാഭ്യാസനയം തയ്യാറാകുന്നില്ല. ഉദാഹരണമായി എന്തുകൊണ്ടാണ് അറബി എന്ന ഭാഷ പഠിക്കേ ണ്ടതില്ല എന്ന് തീരുമാനിക്കുന്നത്? അറബി ഭാഷയ്ക്ക് പ്രാചീനകാലം മുതൽ ബോധന ഭാഷയായും അല്ലാതെയും ഇന്ത്യയിൽ സാംസ്കാരികമായ പ്രാധാന്യമുണ്ട്. അത്തരത്തിലുള്ള ഒരു ഭാഷയെ ഒരു വിദേശഭാഷ എന്ന നിലയിൽ പോലും പഠിക്കേണ്ടതില്ല എന്നു പൂർണ്ണമായും ഒഴിവാക്കി സംസ്കൃതത്തിന് സവിശേഷ പ്രാധാന്യം നൽകുന്ന മതസ്പർദ്ധ വളർത്താനും സംസ്കൃതത്തെ മാത്രം വളർത്താനുമുള്ള ഒരു നയമായി കാണണം. ഇന്ത്യയുടെ ഭാഷാബഹുസ്വരത കാത്തു സൂക്ഷിക്കാൻ ദേശീയവിദ്യാഭ്യാസത്തിന് കഴിയുന്നില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

No language will be impossed on student എന്ന് പറയുന്നുണ്ടെങ്കിലും ഹിന്ദിയും സംസ്കൃതവും ത്രിഭാഷാ പദ്ധതിയുടെ ഭാഗമായി പഠിപ്പിക്കണമെന്ന് വരുമ്പോൾ അത് നിർബന്ധിത ഭാഷാ പഠനം ആയി മാറും. ശ്രേഷ്ഠഭാഷകളും വിദേശഭാഷകളും ഒക്കെ പഠിപ്പിക്കാൻ സ്കൂളുകളിൽ സമയം കണ്ടെത്തും എന്ന് പറയുമ്പോൾ ഇത്രയും ഭാഷകൾ പഠിപ്പിക്കാൻ സ്കൂൾ കരിക്കുലത്തിൽ എവിടെയാണ് സമയം ലഭിക്കുക ? ഭാഷകൾക്ക് മാത്രമായി ഇത്രയും പീരിയഡുകളോ? ഓരോ പ്രദേശത്തെയും ന്യൂനപക്ഷ ഭാഷകളുടെയും ഗോത്ര ഭാഷകളുടെയും ഭാവി എന്തായിരിക്കും? യുനെസ്കോയുടെ റിപ്പോർട്ട് പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ വംശനാശം ഭീഷണി നേരിടുന്ന ഭാഷകൾ ഇന്ത്യയിലാണുള്ളത്. 196 ഭാഷകളാണ് അത്തരത്തിലുള്ളത്. ഇത്തരം പ്രശ്നങ്ങളെയൊന്നും തന്നെ ദേശീയ വിദ്യാഭ്യാസനയം പരിഗണിക്കുന്നതായി കാണുന്നില്ല. ഇത് കൂടുതൽ ഭാഷകളുടെ വംശനാശത്തിന് വഴിയൊരുക്കും എന്നതിൽ സംശയമില്ല.

ദേശീയവിദ്യാഭ്യാസനയം മാതൃഭാഷാവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നു എന്ന ഒരു ധാരണ പൊതുവിലുണ്ട്. വിദ്യാഭ്യാസത്തിൽ നിന്ന് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിന് എല്ലാ ഭാഷകൾക്കും പരിഗണന നൽകുമെന്നും വാദം ഉയർത്തുന്നുണ്ട്. വിദ്യാഭ്യാസമാധ്യമം മാതൃഭാഷയാകണം എന്നതിൽ യാതൊരു സംശയവുമില്ല. ആരുടെ മാതൃഭാഷ എന്ന ചോദ്യമാണ് പ്രധാനം. ഒട്ടനവധി ന്യൂനപക്ഷ ഭാഷകളും ഗോത്ര ഭാഷകളും ഒക്കെ ഉൾപ്പെടുന്ന ഒരു സമൂഹത്തിൽ ആരുടെ മാതൃഭാഷയാണ് പഠനമാധ്യമമായി ഉപയോഗിക്കുക? വിദ്യാഭ്യാസമാധ്യമം മാതൃഭാഷ ആകുന്ന തോടൊപ്പം ഇംഗ്ലീഷ് ഒരു ഭാഷയായി പഠിക്കേണ്ടതുണ്ട്. ത്രിഭാഷാപദ്ധതിയുടെ സാഹചര്യത്തിൽ മൂന്നാമത്തെ ഭാഷ ഏത് എന്നുള്ളതാണ് ഒരു ചോദ്യം. ഹിന്ദിയോ അതോ സംസ്കൃതമോ അതോ ഹിന്ദിയും സംസ്കൃതവും എന്നാണോ ഹിന്ദിയും സംസ്കൃതവും എന്നാണെങ്കിൽ മൂന്നാമത്തെ ഭാഷ എന്ന സ്ഥാനം നഷ്ടപ്പെടുന്നത് ഇംഗ്ലീഷിന് ആണോ പ്രാദേശികഭാഷ യ്ക്കാണോ? ഇംഗ്ലീഷ് ആഗോള ഭാഷയാണ് എന്നതിലുപരി ഇന്ത്യയിലെ ഒരു ഭാഷയും കൂടിയാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ എല്ലാം തന്നെ ഹിന്ദി മീഡിയം സ്കൂളുകൾ കൊണ്ട് പകരം വയ്ക്കാം എന്നത് തികച്ചും അശാസ്ത്രീയമായ കാഴ്ചപ്പാടാണ്. ഇന്നും ഇന്ത്യയെ സംബന്ധിച്ചിടത്തോളം പൊതുഭാഷ എന്ന രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നത് ഇംഗ്ലീഷ് തന്നെയാണ്. മാത്രമല്ല അതൊരു ആഗോള വൈജ്ഞാനിക ഭാഷയും കൂടിയാണ് എന്നത് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അതുകൊണ്ടു തന്നെ ഒരു ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. അതേസമയം പഠനമാധ്യമം മാതൃഭാഷ ആവുകയും വേണം. കോളനിവൽക്കരണത്തിന്റെ ഭാഗമാണെങ്കിൽ കൂടി, ഇംഗ്ലീഷ് പഠിച്ചവർക്ക് ആത്മാഭിമാനം ഉണ്ടായിരുന്നു എന്നൊരു പറച്ചിൽ നമ്മുടെ സമൂഹത്തിൽ ഉണ്ടായിരുന്നു. ഇന്ദുലേഖയ്ക്ക് ഇംഗ്ലീഷ് പഠിച്ചപ്പോഴാണ് ഞാൻ എന്ന് പറയാനുള്ള ധൈര്യം ഉണ്ടായത് എന്ന് നാം വായിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ദുഷിച്ച സാമൂഹ്യ വ്യവസ്ഥിതികളെയും അസംബന്ധങ്ങളെയും നീക്കം ചെയ്യാൻ ഇംഗ്ലീഷ് നൽകിയ സംഭാവനെ നമുക്ക് മറക്കാൻ കഴിയില്ല. ചുരുക്കത്തിൽ പറഞ്ഞാൽ ഇംഗ്ലീഷിൽ ഉണ്ടായിരുന്ന ഭാഷാ ജനാധിപത്യം സംസ്കൃതത്തിന് ഒരുകാലത്തും ഇന്ത്യയിൽ ഉണ്ടാ യിരുന്നില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാ രിക്കുന്നു എന്ന്

2011 സെൻസസിൽ രേഖപ്പെടുത്തിയിരിക്കുന്ന ബംഗാളി, തമിഴ്, ഗുജറാത്തി, കന്നഡ, മലയാളം തുടങ്ങിയ ഭാഷയേക്കാൾ സംസ്കൃതത്തിനുള്ള മേന്മ സംസ്കൃതം ഒരു വരേണ്യഭാഷ എന്നതു തന്നെയാണ്. ഒരുകാലത്തും സംസ്കൃതം ഒരു ജനതയുടെ അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ ബോധന ഭാഷയായിരുന്നില്ല. പകരം അതൊരു പ്രത്യേക വിഭാഗത്തിന്റെ മാത്രം ബോധന ഭാഷയായിരുന്നു. സ്ത്രീകൾക്കും ബ്രാഹ്മണേതര ജാതികൾക്കും ഉപയോഗിക്കാൻ വിലക്കുണ്ടായിരുന്ന ഭാഷയാണ് സംസ്കൃതം. ഒരു കാലത്തും ജനകീയമായിരുന്നില്ല സംസ്കൃതത്തിന്റെ ഉപയോഗം. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ സമ്പ്രദായത്തെ പുറകോട്ടടിക്കുന്ന രീതിയിലുള്ള ഈ പരിഷ്കരണം ഇന്ത്യയുടെ ഐക്യതയ്ക്ക് ഭംഗം വരുത്തുകയും ജനാധിപത്യ സംവിധാനത്തെ തകർക്കുകയും ചെയ്യും.

അമ്പതുശതമാനത്തിൽ താഴെ മാത്രം ആളുകൾ സംസാരി ക്കുന്നതും ഇന്ത്യയുടെ എല്ലാ പ്രദേശത്തും സംസാരിക്കാത്തതും അമ്പതിലധികം ഭാഷാഭേദങ്ങൾ ഉൾക്കൊള്ളുന്നതുമായ ഹിന്ദിയുടെ പ്രസക്തിയും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഹിന്ദി ദേശീയഭാഷ എന്ന നിലയിൽ, പൊതുഭാഷ എന്ന നിലയിൽ എല്ലാവരും പഠിക്കണം എന്നീ വാദങ്ങൾ അംഗീകരിക്കാൻ കഴിയുന്നതല്ല. ഹിന്ദി ദേശീയ ഭാഷ അല്ല എന്നത് ഇപ്പോഴും ആളുകൾ മറന്നു പോകുന്ന ഒരു കാര്യമാണ്. ഹിന്ദി ഇന്ത്യയുടെ ഔദ്യോഗിക ഭാഷ മാത്രമാണ്. ഭാഷ ദേശീയ ഭാഷയാക്കുന്നുവെങ്കിൽ ഹിന്ദി അല്ല മറിച്ച് ഹിന്ദുസ്ഥാനിയാണ് വേണ്ടത് എന്നാണ് ഗാന്ധിജി അഭിപ്രായപ്പെട്ടത്. ഔദ്യോഗിക കാര്യങ്ങൾക്ക് ഹിന്ദിയും ഇംഗ്ലീഷും ഉപയോഗിക്കാം എന്നാണ് 1963 ലെ ഔദ്യോഗികഭാഷാനിയമം അനുശാസിക്കുന്നത്. അത് പ്രകാരം ഇന്ത്യയ്ക്ക് രണ്ട് ഔദ്യോഗികഭാഷകൾ ആണുള്ളത്. അത് ഇംഗ്ലീഷും ഹിന്ദിയും ആണ്. ഒരു ഭാഷ ഒരു രാജ്യം മുഴുവനും ഒരുപോലെ ഉപയോഗിക്കപ്പെടുകയും ഭൂരിപക്ഷം പേരും ആ ഭാഷ സംസാരിക്കുകയും ചെയ്യുമ്പോഴാണ് അത് ദേശീയ ഭാഷയാകുന്നത്. സോവിയറ്റ് യൂണിയനിൽ റഷ്യൻ ഭാഷ അങ്ങനെയായിരുന്നു. എന്നാൽ ഇന്ത്യയെപ്പോലെയുള്ള ഒരു ബഹുഭാഷാ രാജ്യത്തിന് ഈ ആശയം സാധ്യമല്ല. കന്യാകുമാരി മുതൽ കാശ്മീർ വരെ ഒരേ തോതിൽ ഹിന്ദിമാധ്യമത്തിൽ ആശയവിനിമയം നടത്തുകയും അത് പൊതുഭാഷയായി പ്രവർത്തിക്കുകയും വേണം. എങ്കിൽ മാത്രമേ അത് ദേശീയ ഭാഷയായി മാറുകയുള്ളു. 2021 ലെ സെൻസസ് പ്രകാരം 28

സംസ്ഥാനങ്ങളിൽ ആകെ പത്തെണ്ണത്തിൽ മാത്രമാണ് ഹിന്ദി പ്രധാന ഭാഷയായി വരുന്നത്. ദക്ഷിണേന്ത്യയിലും അരുണാചൽപ്രദേശ് ഒഴികെയുള്ള വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ഹിന്ദി സംസാരിക്കുന്നവർ വളരെ കുറവാണ്. 24 ശതമാനത്തിൽ അധികം വരുന്ന മനുഷ്യർ സംസാരിക്കുന്നത് ദ്രാവിഡ ഭാഷകളാണ്. ഇവിടെ ഒരുകാലത്തും ഏക ഭാഷയായിരുന്നു എന്നതിന് ഒരു തെളിവുമില്ല. ഹിന്ദി 56 മാതൃഭാഷകളുടെ ഒരു പൊതു നാമം മാത്രമാണ്. 56 ഭാഷാഭേദങ്ങൾ ഉള്ള ഹിന്ദിയെ ആ ഭാഷാഭേദങ്ങളെയൊക്കെ മറികടന്ന് ഒരൊറ്റ ഭാഷയാക്കി മാറ്റി തീർക്കുന്ന ഒരു ഭാഷാസാമ്രാജ്യത്വവാദം ഇന്ത്യയിൽ ഉയർന്നുവന്നതിന്റെ ഭാഗമായിട്ടാണ് ഈ 56 ഭാഷാഭേദങ്ങളെയും ഹിന്ദി ആക്കി പരിഗണിക്കുന്നത്. ആ ഭാഷകളെയൊക്കെ ഹിന്ദിയുടെ ഈ അധിനിവേശം അപകടത്തിലാക്കി മാറ്റുകയാണ് ചെയ്തത്. നിലവിൽ ഭാഷാഭേദങ്ങളായി ഉൾപ്പെട്ടിട്ടുള്ള രാജസ്ഥാനി, ഭോജ്പുരി, ഛത്തീസ്ഗരി, നാഗ്പുരി, പഹാരി, ഗർഹൗലി, ഗുജ്രി, ബഞ്ചാര തുടങ്ങിയഭാഷകൾ സ്വതന്ത്രമായ അസ്തിത്വമുള്ളവയാണ്. 1961ലെ സെൻസസിൽ രാജസ്ഥാനി ഒരു സ്വതന്ത്ര ഭാഷയായിരുന്നു. 1971 ആയപ്പോഴേക്കും അതിനെ ഹിന്ദിയുടെ ഭാഷാഭേദമായി ഉൾപ്പെടുത്തി. 2011-ലെ സെൻസസ് അനുസരിച്ച് 2.58 കോടിയിലധികം ജനങ്ങളാണ് രാജസ്ഥാനി സംസാരിക്കുന്നത്. അതുപോലെ ഭോജ്പുരി അഞ്ച് കോടിയിലധികം പേരും ഛത്തീസ്ഗരി 1.62 കോടിയിലധികം പേരും പഹാരി 32 ലക്ഷത്തിലധികവും നാഗ്പുരി ഏഴ് ലക്ഷത്തിലധികവും ഗർഹൗലി 24 ലക്ഷത്തിലധികവും ഗുജ്ജരി 12 ലക്ഷത്തിലധികവും ബഞ്ചാര 15 ലക്ഷത്തിലധികം പേരും മാതൃഭാഷയായി ഉപയോഗിക്കുന്നു. ഇത്തരത്തിൽ ഹിന്ദിയുടെ ഭാഷാഭേദമായി ഉൾപ്പെടുത്തിയിരിക്കുന്ന നിരവധി ഭാഷകൾ ലക്ഷക്ക ണക്കിനു പേർ മാതൃഭാഷയായി സംസാരിക്കുന്നവയും സ്വതന്ത്രമായി നിലനിൽപ്പുള്ളവയുമാണ്. ഇവയെല്ലാം തന്നെ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടാൻ വേണ്ടിയുള്ള കാത്തുനിൽപ്പ് പട്ടികയിലാണുള്ളത്. ഈ ഭാഷകളെക്കൂടി ഭാഷാ സെൻസസിൽ ഉൾപ്പെടുത്തിയാൽ 43 ശതമാനം പേർ സംസാരിക്കുന്ന ഹിന്ദി അതിലും എത്രയോ കുറഞ്ഞ ആളുകൾ സംസാരിക്കുന്ന ഭാഷയായി മാറും.

ഹിന്ദിയും സംസ്കൃതവും ദേശീയ ഭാഷ എന്ന നിലയിലേക്ക് വളരുകയും മറ്റു ഭാഷകൾ പ്രാദേശിക ഭാഷകൾ അല്ലെങ്കിൽ വീട്ടു ഭാഷകൾ എന്ന നിലയിലേക്ക് ചുരുങ്ങുകയും ചെയ്യുന്ന

ഒരു ഭാഷാചാതുർവർണ്യ വ്യവസ്ഥയാണ് ദേശീയവിദ്യാഭ്യാസ നയത്തിലൂടെ സ്ഥാപിക്കപ്പെടുന്നത്. എപ്പോഴും മേലാളി ത്തഭാഷ അനുകരിക്കാനും സംസാരിക്കാനും ഉള്ള ഒരു പ്രവണത നമ്മുടെ സമൂഹത്തിൽ കൂടുതലായുള്ളതുകൊണ്ടു തന്നെ ക്രമേണ ഹിന്ദിയും സംസ്കൃതവും ഭൂരിപക്ഷത്തിന്റെ തിരഞ്ഞെടുപ്പ് ഭാഷയായി മാറിക്കൊള്ളും എന്ന ഒരു സാമൂഹിക ഭാഷാശാസ്ത്ര മനശാസ്ത്ര നിരീക്ഷണത്തിന്റെ പ്രയോഗമാണ് ദേശീയ വിദ്യാഭ്യാസ നയം വാസ്തവത്തിൽ മുന്നോട്ടു വയ്ക്കുന്നത്. അതിന്റെ ഫലമായി വിവേചന പൂർണമായ ഒരു ഭാഷാനയമാണ് രാജ്യത്ത് രൂപപ്പെടുക. തെരഞ്ഞെടുത്ത ഭാഷ കൾ മാത്രം സംരക്ഷിക്കപ്പെടട്ടെ എന്ന രീതിയിൽ അങ്ങേ യറ്റം ജനാധിപത്യവിരുദ്ധമാണീ നയം. ന്യൂനപക്ഷ ഭാഷകളുടെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്ന സംവിധാനമായി ദേശീയ വിദ്യാഭ്യാസ നയം മാറുന്നു എന്ന് സൂക്ഷിച്ചു നോക്കിയാൽ നമുക്ക് മനസിലാവും.

***(തുഞ്ചത്തെഴുച്ചൻ മലയാളം സർവകലാശാലയിൽ അസി.പ്രൊഫസറാണ് ലേഖിക)***